(ഡി) വൈദ്യുതി മുടക്കം, വോൾട്ടേജ് വ്യതിയാനം, ട്രാൻസ്ഫോർമർ തകരാറുകൾ, വൈദ്യുതി ലൈൻ തകരാറുകൾ, വൈദ്യുതി പോസ്റ്റ് തകരാറുകൾ, സർവ്വീസ് കണക്ഷൻ പരാതികൾ, വൈദ്യുതി ബിൽ സംബന്ധമായ പരാതികൾ, വൈദ്യുതി മീറ്റർ സംബന്ധമായ പരാതികൾ, അപകടങ്ങൾ, വൈദ്യുതി മോഷണം തുടങ്ങിയവയെല്ലാം കോൾസെന്ററിൽ വിളിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. കോൾസെന്റർ ജീവനക്കാരന്റെ സഹായം ഇല്ലാതെ തന്നെ പരാതി രജിസ്റ്റർ ചെയ്യാനുള്ള സംവിധാനവും - IVRS (Interactive Voice Response System) ലഭ്യമാണ്. പരാതി രജിസ്റ്റർ ചെയ്യുമ്പോൾ പരാതി നമ്പർ ഉപഭോക്താവിന്റെ മൊബൈലിൽ എസ്.എം.എസ്. ആയി ലഭിക്കും. പിന്നീട് ഈ പരാതി നമ്പർ നൽകിയാൽ പരാതിയുടെ സ്റ്റാറ്റസ് അറിയുന്നതിനും സംവിധാനമുണ്ട്. കൂടാതെ പരാതി പരിഹരിച്ചു കഴിഞ്ഞാൽ ആ വിവരം ഉപഭോക്താവിനെ എസ്.എം.എസ്. മുഖാന്തരം അറിയിക്കുന്നതാണ്.

പരാതി രജിസ്റ്റർ ചെയ്യുന്നതിന് 1912 എന്ന നമ്പരിൽ വിളിക്കുമ്പോൾ 13 അക്കമുള്ള കൺസ്യൂമർ നമ്പർ ഡയൽ ചെയ്യേണ്ടതാണ്. IVRS-ൽ തന്നെ ഫോൺ നമ്പർ വഴി കൺസ്യൂമറെ തിരിച്ചറിയുന്ന സംവിധാനം ഉടൻ നിലവിൽ വരുന്നതാണ്. കെ.എസ്.ഇ.ബി.-യുടെ വെബ്സൈറ്റ് വഴിയും ഉപഭോക്താവിന് മേൽപ്പറഞ്ഞ എല്ലാവിധ സേവനങ്ങളും ലഭ്യമാകുന്നതാണ്. www.kseb.in എന്ന വെബ്സൈറ്റ് വഴി ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ അടയ്ക്കാവുന്നതാണ്. 37 ബാങ്കുകളുടെ നെറ്റ് ബാങ്കിംഗ്, ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ് മുഖേന തുക അടയ്ക്കാം. ഇടപാട് പൂർത്തിയാകുമ്പോൾ ഉപഭോക്താക്കൾക്ക് മൊബൈലിൽ എസ്.എം.എസ്.-ഉം ഇ-മെയിലും ലഭിക്കും. www.kseb.in എന്ന വെബ്സൈറ്റ് വഴി ഉപഭോക്താക്കൾക്ക് കൺസ്യൂമർ നമ്പർ രജിസ്റ്റർ ചെയ്ത് ഓൺലൈൻ അക്കൗണ്ട് ഉണ്ടാക്കാവുന്നതാണ്. വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത ഉപഭോക്താക്കൾക്ക് അവരുടെ ബിൽ നോക്കുന്നതിനും തുക അടയ്ക്കുന്നതിനും എളുപ്പത്തിൽ സാധിക്കും. കൂടാതെ 12 മാസത്തെ ബിൽ വിവരങ്ങൾ തുക അടച്ച വിവരങ്ങൾ, 12 മാസത്തെ വൈദ്യുതി ഉപഭോഗം, പരാതി രജിസ്റ്റർ ചെയ്ത വിവരങ്ങൾ തുടങ്ങിയവ ലഭ്യമാകും.

കെ.എസ്.ഇ.ബി.-യുടെ ഇലക്ട്രിക് മീറ്ററുകൾ

6 (2244) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-ക്ക് ആവശ്യമായ ഇലക്ട്രിക് മീറ്ററുകൾ ഇപ്പോൾ ഏത് സ്ഥാപനത്തിൽ നിന്നാണ് വാങ്ങുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സിംഗിൾ ഫേസ് ഗാർഹിക കണക്ഷന് കെ.എസ്.ഇ.ബി. നൽകുന്ന മീറ്ററുകൾ വാങ്ങുന്നത് ഓരോന്നിനും എത്ര രൂപയ്ക്കാണ്;

(സി) ഉപഭോക്താക്കളിൽ നിന്നും പ്രതിമാസം എത്ര രൂപയാണ് മീറ്റർ വാടകയായി ഈടാക്കുന്നത്?

ഉത്തരം

(എ) ഇലക്ട്രിക് മീറ്ററുകൾ ഇപ്പോൾ വാങ്ങുന്നത് താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നാണ്:

1. സിംഗിൾ ഫേസ് മീറ്റർ :

(a) M/s. ജെനസ് പവർ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, ജയ്പൂർ

(b) M/s. ലാർസൻ & ട്യൂബ്രോ ലിമിറ്റഡ്, ചെന്നൈ

(c) M/s. ലിങ്ക് വെൽ ടെലിസിസ്റ്റം പ്രൈവറ്റ് ലിമിറ്റഡ്, ഹൈദരാബാദ്

2. ത്രീഫേസ് മീറ്റർ :

(a) M/s. ലാർസൻ & ട്യൂബ്രോ ലിമിറ്റഡ്, ചെന്നൈ

(b) M/s. ജെനസ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, ജയ്പൂർ

3. എൽ.റ്റി.സി.റ്റി മീറ്റർ :

(a) M/s. ലാർസൻ & ട്യൂബ്രോ ലിമിറ്റഡ്, ചെന്നൈ

(b) M/s. ജെനസ് പവർ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്, ജയ്പൂർ

(ബി) 639.57 രൂപയ്ക്കാണ് വാങ്ങുന്നത്.

(സി) സിംഗിൾ ഫേസ് മീറ്റർ - 6 രൂപ

ത്രീ ഫേസ് മീറ്റർ - 15 രൂപ

ത്രീ ഫേസ് സി.റ്റി. മീറ്റർ - 30 രൂപ.

കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ജീവനക്കാർ

7 (2245) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ എത്ര സ്ഥിരം ജീവനക്കാരുണ്ട് ; മേൽ ജീവനക്കാരുടെ തസ്തിക പ്രത്യേകമായി കാണിച്ച് അനുവദനീയ തസ്തിക, നിലവിൽ ജോലി നോക്കുന്നവരുടെ എണ്ണം, ഒഴിവായിക്കിടക്കുന്ന തസ്തിക എന്നിവയുടെ എണ്ണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly